# അമേരിക്കൻ കഥകൾ

## മിനികഥകൾ

## ഒന്റ്ത്

ജോയിക്കുട്ടി,

അന്നച്ചി, അമേരിക്കയിൽ ജീവിക്കുന്നവരുടെ ഉപദ്രവകരമായ കാര്യങ്ങളാണ് ഇപ്പോൾ പറയാൻ പോകുന്നത്. കേരളത്തിൽ ജീവിക്കുന്നവർ പറയും: അമേരിക്കയിൽ ജീവിക്കുന്നവർ സുഖിക്കുകയാണെന്ന്.

1973 കാലഘട്ടത്തിലാണ് ഈ കഥ നടക്കുന്നത്. ഇന്ത്യൻ എയർഫോഴ്സിൽ മാന്യമായ് അഡ്മിനിസ്ട്രേഡ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജോഞ്ഞുകുട്ടി പതിനഞ്ചു വഷത്തെ സേവനത്തിനു ശേഷം പെൻഷൻ പറ്റിയ ശേഷം നേഴ്സായ ജോളിയേയും രണ്ടു പെൺമക്കളേയും കൂട്ടി അമേരിക്കയിൽ കുടിയേറി വന്നതാണ്. അന്നച്ചിയുടേയും സാറാകൊച്ചമ്മയുടേയും ചിന്നച്ചിയുടെയും എല്ലാം സഹായത്തോടെയാണ് അവർ എല്ലാവരും കൂടെ ഈ രാജ്യത്ത് എത്തിയത്.

അയാൾക്ക് വന്നപ്പോൾ മുതൽ ബാങ്കിൽ ജോലി കിട്ടുമായിരുന്നു. സൂട്ടും കോട്ടുമിട്ട് ജോലി ചെയ്യാമെന്നല്ലാതെ ബാങ്ക് ജോലിക്ക് വളരെ തുഛമായ വരുമാനമേ കിട്ടുകയുള്ളു എന്നു മനസ്സിലാക്കി. ഇത്രയും പേരുമായി ഇവിടെ ജീവിക്കണമെങ്കിൽ കയ്യിൽ ആവശ്യത്തിനുള്ള പണം വേണം. കൂടാതെ എല്ലാവക്കും മെഡിക്കൽ ഇൻഷറൻസ്സു വേണം. അയാൾ ദൈവവിശ്വാസിയാണ്. ദൈവം തോന്നിച്ചിട്ടോ, എന്തോ, അയാൾ ദുരഭിമാനം മാറ്റിവെച്ച് കൂലിവേല പണി ചെയ്യുന്ന കമ്പിനി പണിക്കു പോയി.

നമ്മുടെ കൊച്ചേട്ടൻ ഫോർമാനായി ജോലി ചെയ്യുന്ന സമയം. അയാളുടെ വീട്ടിൽ ചെന്ന് ആളിനെ കണ്ട് വിവരം ധരിപ്പിച്ചു. കമ്പിനിയിൽ ചെന്ന് അപേക്ഷ എഴുതികൊടുക്ക് എന്ന് പറഞ്ഞു വിട്ടു. അടുത്ത ദിവസം തന്നെ അയാൾ ആ പറഞ്ഞതു പോലെ ചെയ്തു. ഏതാനം ദിവസങ്ങൾക്കകം അയാൾക്കവിടെ ജോലി കിട്ടി. വിവരം അറിഞ്ഞ്, അയാൾ ജോലി ചെയ്യുന്ന സമയമായ കാലത്തെ ഷിഫ്റ്റിൽ വന്ന് ജോലി ചെയ്യാൻ ആവശ്യപ്പെട്ടു. അയാൾ ശുപാശ ചെയ്തതു കൊണ്ടാണ് ഇത്രയും പെട്ടന്ന് ജോലി കിട്ടിയതെന്നയാൾ പറഞ്ഞത് പച്ചകള്ളമാണെന്ന് മനസ്സിലായെങ്കിലും, അതൊന്നും അറിഞ്ഞതായിപ്പേലും ഭാവിച്ചില്ല. സഹായിക്കാൻ സാധിച്ചില്ലങ്കിലും ഉപദ്രവിക്കാൻ സാധിക്കുമെന്നറിയാം.

ആ സ്ഥലത്ത് ധാരാളം ഇന്ത്യാക്കാരും പ്രത്യേകിച്ച് മലയാളികളും ജോലി ചെയ്യുന്നുണ്ട്. മലയാളികളിൽ ധാരാളം പേർ എം.എ ക്കാരും ബീ. എ ക്കാരുമുണ്ട്. ജോഞ്ഞുകുട്ടിയുടെ സ്വന്തം നാട്ടുകാരൻ വെരെ അവിടെ ഉണ്ട്. ആദ്യത്തെ ദിവസം അയാൾ കരഞ്ഞില്ല; പക്ഷേ, അറിയാതെ കണ്ണിൽ നിന്നും കണ്ണുനീർ തൂവി. ഇത്തരം ഒരു പണി ചെയ്യേണ്ടി വരുമെന്നയാൾ ജിവിതത്തിലൊരിക്കലും പ്രതീക്ഷിച്ചില്ല. എല്ലാം ക്ഷമയോടെ സഹിച്ചു. കൂടെ ജോലി ചെയ്യുന്ന മിക്കവാറും എല്ലാ മലയാളികളും അയാളെ ആത്മാത്ഥമായി സഹായിച്ചു; വീട്ടിൽ നിന്നും കൊണ്ടു വരാനും മടക്കി കൊണ്ടുവിടാനുമെല്ലാം. അവർ ഉപദേശിച്ചു: ആദ്യത്തെ കുറച്ചു ദിവസം ജോലി കഴിഞ്ഞ് വീട്ടിൽ ചെല്ലുമ്പോൾ ശരീരത്തിന് ഭയങ്കര വേദന കാണും; നല്ല തിളച്ച വെള്ളത്തിൻ കീഴിൽ നിന്ന് കുളിച്ചാൽ ആ വേദന മാറും. പിന്നെ അതുമായ് പരിചയിച്ചു കൊള്ളു.

ആ കാലഘട്ടത്തിൽ അവർ അപ്പാട്ടിലാണ് താമസിച്ചിരുന്നത്. അവിടം മുഴുവൻ പാറ്റാ നിറഞ്ഞതാണ്. എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും പാറ്റാ ശല്ല്യം സഹിക്കാൻ വയ്യാത്തതാണ്. ചില ദിവസങ്ങളിൽ, അവിടുത്തെ ജോലിക്കാൻ പകൽ അവിടെല്ലാം പാറ്റായെ കൊല്ലാനുള്ള മരുന്ന് സ്പ്രേ ചെയ്യും.

ഒരു ദിവസം ജോളിക്ക് അവധി ഉള്ള സമയം അയാൾ അവധി എടുത്ത്; പകൽ വെളിച്ചത്തിൽ സ്വന്തം ഭാര്യയെ കാണാൻ ശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ അവർ കതകിനു മുട്ടി. രണ്ടു പേരും പൂണ്ണ നഗ്നരാണ്. എന്തായാലും തിരക്കിട്ട് രണ്ടു പേരും വസ്ത്രം ധരിച്ച് കതകു തുറന്നപ്പോൾ അവരെ കണ്ടു. ഇങ്ങിനെ പലവിധത്തിൽ; അവർ എവിടെയെങ്കിലും ഒരു വീട് വാങ്ങി താമസിക്കാൻ ആഗ്രഹിച്ച സമയമായപ്പോഴേക്കും മൂത്ത മകൾക്ക് ഹൈസ്ക്കൂളിൽ പോകേണ്ട സമയമായി. അതിനു പറ്റിയ നല്ല സ്ക്കൂൾ അന്വേഷിച്ചപ്പോൾ വളരെ അടുത്തുള്ള സ്ഥലത്ത് നല്ല സ്ക്കൂൾ ഉണ്ടെന്നറിഞ്ഞു. ആ പ്രദേശത്തെ ഏറ്റവും വില കുറഞ്ഞ വീടുകൾ കിട്ടുന്ന വളരെ താണ ഒരു സ്ഥലം കണ്ടു പിടിച്ചു. അവിടെ വളരെ ഉപദ്രവങ്ങൾ ഉണ്ടാകാൻ സാദ്ധ്യത ഉള്ള സ്ഥലമാണ്.

നല്ല സ്ക്കൂളും പരസരങ്ങളുമാണ്. തൊട്ടടുത്ത് നല്ല വെള്ളക്കാർ താമസമുണ്ട്. ഏതാനം വീടുകൾക്കകലെ ഒരു മലയാളികുടുംബം ഉണ്ട്. എല്ലാം കൊണ്ടും നല്ല ചുറ്റപാടുകളാണ്. ഭൂമിക്കടിയിൽ ഒരു നില ഉൾപ്പെടെ മൂന്നു നിലയുണ്ട്. വീടിനു പുറകിൽ സ്വന്തമായി ഒരു കാർ ഗാരേജ് ഉണ്ട്. രാത്രിയോ പകലോ, ഭാര്യയുമായി ഭാര്യാഭത്തൃ ബന്ധത്തിൽ ഏപ്പെടാം. കൊള്ളാം. അപ്പാട്ടുമെന്റിൽ ആയിരുന്നപ്പോൾ ജോളിയോടെ പറയുമായിരുന്നു: നീ എപ്പോഴും അണ്ടർവെയർ ഉപയോഗിച്ചുവേണം ഇവിടെ കഴിയേണ്ടത്; അല്ലങ്കിൽ പാറ്റാ വന്ന് വല്ലയിടത്തും കയറി പോകും. ഞാനങ്ങിനെ നടന്നാൽ നിങ്ങൾ പറയുമ്പോളെല്ലാം കാലകത്തി തരാൻ പ്രയാസപ്പെടേണ്ടി വരത്തില്ലെ എന്നവൾ മറുപടി പറയുമായിരുന്നു.

വളരെ തുഛമായ തുകയ്ക്കാണ് ആ വീട് അന്ന് കിട്ടിയതെങ്കിലും അതിന്റെ ഡൗൺ പെയ്മെന്റു കൊടുക്കാൻ അയാളുടെ കയ്യിൽ ആവശ്യത്തിനുള്ള പണമില്ലായിരുന്നു. അല്പം തുക കടം കിട്ടാനായി പലരോടും ചോദിച്ചിട്ടും ആരും സഹായത്തിനില്ലായിരുന്നു. ദൈവകൃപ കൊണ്ട് ആ വീട് വാങ്ങി. ജോളി വന്ന കാലം മുതൽ രണ്ടു സ്ഥലങ്ങളിലായി ജോലി ചെയ്ത് തുഛമായ തുകകൊണ്ട് കാര്യങ്ങൾ എല്ലാം ഭംഗിയായി. ഈ കഷ്ടപ്പാടെല്ലാം കഴിഞ്ഞ് വീട്ടിൽവന്നാൽ അസമയത്ത് അയാളുടെ കാമം തീക്കാൻ എല്ലാ ദിവസവും സഹകരിച്ചിരുന്നു.

ആ വീട്ടിൽ വന്ന് ഏകദേശം നാലു മാസം കഴിഞ്ഞപ്പോൾ പതിവു പോലെ ജോളി ജോലി കഴിഞ്ഞ്, അവർ ഭോഗപ്രക്രിയ തുടങ്ങാൻ നേരം കതകിന് ഭയങ്കര തട്ടും മുട്ടും. പെട്ടെന്ന് രണ്ടു പേരും കതകു തുറന്നപ്പോൾ കാണുന്നത്: പുറകിലത്തെ ഗാരേജിന് തീ പിടിച്ച് അത് ആളിക്കത്തുന്നതും, അഗ്നിശമനക്കാർ അത് കെടുത്താൻ പരിശ്രമിക്കുന്നതുമാണ്. ആ കുടുംബം മുഴുവനും ഭയങ്കരമായി ഭയപ്പെട്ടു. അടുത്ത ദിവസങ്ങളിൽ ജോലിസ്ഥലത്ത് മറ്റു മലയാളികൾ പറയുന്നത്: അയാൾ ജോഞ്ഞുകുട്ടി ആരാ മോൻ, അയാൾ അതിന് തീ വെച്ച് ഇപ്പോൾ ഇൻഷറൻസുകാരുടെ കയ്യിൽ നിന്ന് കൈ നിറയെ വാങ്ങത്തില്ലേ! ഒരാവശ്യ സമയത്ത് ഒരു പൈ കടമായി പോലും കൊടുക്കാത്തവരാണ് ഈ അപവാദം പറഞ്ഞു പരത്തിയത്. എന്തായാലും ആ ഗാരേജിനകത്ത് യാതൊരു സാധനവും അയാൾ ഇട്ടിരുന്നില്ല. കൂടാതെ ഇൻഷറൻസു കാർ നല്ല ഒരു തുക അയാൾക്കു കൊടുത്തു. പല ആളുകളുടെ കയ്യിൽ നിന്നും വാങ്ങിയ കടം എല്ലാം കൊടുത്തു തീത്തു. കൂടാതെ ആ വീടു വാങ്ങി സൂക്ഷം ഒരു വഷം കഴിഞ്ഞപ്പോൾ ആ വീടിന്റെ പണമെല്ലാം കൊടുത്തു തീത്തു. കൂടാതെ വീടിന്റെ പുറത്തേക്കുള്ള എല്ലാ കതകിനും ജനലിനും ഇരുമ്പു കമ്പി ഇട്ട് കൂടുതൽ സുരക്ഷ വരുത്തി.